(ഡി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) റിട്ടയർമെന്റ് ,ഉദ്യോഗക്കയറ്റം എന്നിവ മുഖേന എത്ര ഒഴിവുകൾ 2015 ജൂൺ 30-നകം ഉണ്ടാകും ; ഇവ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 12-11-2013-ൽ ആണ് സ്റ്റാഫ് നേഴ്സ് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്.

(ബി) ആരോഗ്യവകപ്പിൽനിന്ന് ഇതുവരെ 147 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ ലിസ്റ്റിൽനിന്നും ഇതുവരെ ആരോഗ്യവകപ്പിൽ 138 പേർക്ക് നിയമനം നൽകി.

(ഡി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനായി ഒഴിവുകളൊന്നും നിലവിലില്ല.

(ഇ) ആരോഗ്യവകപ്പിൽ ഈ കാലയളവിൽ ഒഴിവുകൾ യാതൊന്നും ഇല്ല.

പുതുപൊന്നാനി ഗവൺമെന്റ് ആയുർവേദ ആശുപത്രി

108 (773) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ പുതുപൊന്നാനി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ മതിയായ ജീവനക്കാരില്ലാത്തതുമൂലം ആശുപത്രിയുടെ പ്രവർത്തനം ആകെ താളംതെറ്റി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻ.ആർ.എച്ച്.എം. സ്കീമിൽ നിയമിച്ചിരുന്നവരെ പിരിച്ചുവിട്ടതിനു ശേഷം പകരം ജീവനക്കാരെ നിയമിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ആവശ്യമുള്ള എണ്ണം തസ്തിക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 10 കിടക്കകളുള്ള സ്ഥാപനം 20 കിടക്കകളായി വർദ്ധിപ്പിച്ചതിനെ ത്തുടർന്ന് അധിക തസ്തികകൾ അനുവദിച്ചു നൽകാത്തതിനാൽ പ്രവർത്തനത്തിൽ പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ആയുഷ് ഫണ്ട് ലഭ്യമല്ലാത്തതുകൊണ്ട് പകരം ജീവനക്കാരെ നിയമിച്ചിട്ടില്ല. ആശുപത്രിക്കാവശ്യമായ അധിക തസ്തിക അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർക്ക് യൂണിഫോം

109 (774) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർക്ക് യൂണിഫോം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദ മാക്കാമോ ?

ഉത്തരം

(എ & ബി) പൊതുജനാരോഗ്യ വിഭാഗത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ വിഭാഗത്തിന് യൂണിഫോം അനുവദിച്ചിട്ടില്ല. അതിനായി ഒരു പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സ്പെഷ്യാലിറ്റി കേഡറിലെ ഡോക്ടർമാരുടെ നിയമനം

110 (775) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് മാസം 31 വരെ കേരളത്തിലെ വിവിധ ആശുപത്രി കളിൽനിന്ന് സ്പെഷ്യാലിറ്റി കേഡറിൽപ്പെട്ട എത്ര ഡോക്ടർമാർ പെൻഷൻപറ്റി പിരിഞ്ഞുപോയിട്ടുണ്ട് ;

(ബി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻവഴി നിയമനം നടത്തി യിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly